## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1161 12-06-2014 -ൽ മറുപടിക്ക്

## കേന്ദ്രദുരിത നിവാരണസേനയും കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. റ്റി. എൻ.പ്രതാപൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്നതിന് കേന്ദ്ര കാലാവസ്ഥ വകുപ്പിനെയാണ് കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത അറിയിപ്പുകൾ ദുരന്ത നിവാരണ അതോറിറ്റിയുടെ കൺട്രോൾ റൂം വഴിയും അടിയന്തിര കാര്യ നിർവ്വഹണ കേന്ദ്രത്തിൽ നിന്നും sms ആയും e-mail ആയും എല്ലാ ജില്ലാ കളക്ടർമാർക്കും, ആഭ്യന്തര സെക്രട്ടറിക്കും ചീഫ് സെക്രട്ടറിക്കും, റവന്യൂ സെക്രട്ടറിക്കും ലഭ്യമാക്കുന്നുണ്ട്. |
| ബി) | കേന്ദ്ര ദുരിത നിവാരണസേനയുടെ സഹായത്താൽ സംസ്ഥാനത്ത് ദുരന്ത നിവാരണത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; | ബി)<br>സി) | പ്രകൃതി ദുരന്തങ്ങളും മനുഷ്യ നിർമ്മിതമായ വലിയ ദുരന്തങ്ങളും ആവശ്യാനുസരണം നേരിടുന്നതിനാണ് ദേശീയ ദുരന്ത പ്രതികരണ സേനയെ ഉപയോഗിക്കുവാനുദ്ദേശിക്കുന്നത്. |
| സി) | ഏതെല്ലാം ദുരന്തങ്ങൾക്കാണ് പ്രസ്തുത സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; | | |
| ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) | ദേശീയ ദുരന്ത പ്രതികരണ സേനയ്ക്ക് കേരളത്തിൽ താവളം ഒരുക്കുവാൻ ഉചിതമായ സ്ഥലം എറണാകുളത്തോ തൃശ്ശൂരോ കണ്ടെത്തുന്നതിനുള്ള ശുപാർശകൾ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ